## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1932 | 22.3.2012-ൽ മറുപടിക്ക്.

### കണ്ണൂർ വിമാനത്താവളനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളനിർമ്മാണത്തിനായി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലയളവിൽ എത്ര ഭൂമി ഏറ്റെടുക്കുകയുണ്ടായെന്നു വ്യക്തമാക്കുമോ; | (എ) | കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 2200 ഏക്കർ ഭൂമിയിൽ 192.18 ഏക്കർ ഭൂമി ഒന്നാംഘട്ടമായി 2001-2002 കാലഘട്ടത്തിൽ സർക്കാർ നേരിട്ട് ഏറ്റെടുത്തിട്ടുണ്ട്.<br>ആദ്യഘട്ടത്തിൽ സർക്കാർ ഏറ്റെടുത്ത ഈ 192.18 ഏക്കർ ഭൂമി നേരിട്ട് കണ്ണൂർ വിമാനത്താവള കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടാം ഘട്ടമായി 1085.60 ഏക്കർ ഭൂമി കിൻഫ്ര മുഖാന്തിരം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുക്കുവാൻ വേണ്ടി നോട്ടിഫൈ ചെയ്ത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എന്നാണു നോട്ടിഫൈ ചെയ്തതെന്നു വ്യക്തമാക്കുമോ; | (സി) യും | ബാധകമല്ല. |
| (ഡി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നോട്ടിഫൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്ര ഭൂമി വിമാനത്താവളനിർമ്മാണത്തിനായി ഏറ്റെടുത്തുവെന്നു വ്യക്തമാക്കുമോ? | (ഡി) യും | |

സെക്ഷൻ ഓഫീസർ